

# സ്ഫടികം

## എച്ച് എസ് എസ് ഫോർ ബോയ്സ്

### പുനലൂർ

# ആമുഖം

സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിൽ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ സംസ്ഥാനതലത്തിൽ വലിയ പങ്ക് വഹിച്ചു വരുന്നു."എൻെറ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ" നിർമ്മാണത്തിൻെറ ഭാഗമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങളുടെ വിവിധ രചനകൾ സമാഹരിച്ച് അവ ഡിജിറ്റൽ രൂപത്തിലാക്കി മാറ്റുകയും ചെയ്തു.കഥകൾ, കവിതകൾ, ആസ്വാദനക്കുറിപ്പുകൾ, നറുമൊഴികൾ, കടങ്കഥകൾ എന്നിവ അടങ്ങുന്നതാണ് ഇ-മാഗസിൻ.

മലയാളം ടൈപ്പിംഗ് മെച്ചപ്പെടുത്തുന്നതിലൂടെ മാതൃഭാഷയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനും, അതിനെ സംരക്ഷിക്കാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കുന്നതിനും ഈ മാഗസിനിലൂടെ സാധിച്ചു എന്നതും ശ്രദ്ധേയമാണ്.



**പുനലൂർ**

**16-01-2020**

## <u>സന്ദേശം</u>

അനുക്ഷണം വികസിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ ഈ യുഗത്തിൽ നമ്മുടെ യുവ തലമുറ പിൻതള്ളപെടാതിരിക്കണം എന്നുള്ള ജാഗ്രത നമുക്കാദ്യം ഉണ്ടാകേണ്ടതാണ്. ഇന്ന് നമ്മുടെ വിദ്യാലയത്തിൽ എത്തിചേരുന്ന ഓരോ കുട്ടിക്കും ലഭ്യമാകേണ്ട ഉയർന്ന നിലവാരത്തിലുള്ള പഠനാനുഭവങ്ങളും വ്യക്തിപരമായ ശ്രദ്ധയും പരിഗണനയും നമുക്ക് നല്കേണ്ടതുണ്ട്. നമ്മുടെ നഷ്ട പ്രതാപങ്ങൾ തിരിച്ച് പിടിക്കാനുള്ള യജ്ഞമായി ഈ പ്രവർത്തനം തീരട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്

ശ്രീദേവി

## താളുകൾ മറിക്കുമ്പോൾ...

# മഹാന്മാർ

## -ജീവചരിത്രം

# <u>തുഞ്ചത്തെഴുത്തച്ഛൻ</u>



തുഞ്ചത്തെഴുത്തച്ഛൻ മലയാള ഭാഷയുടെ പിതാവായി സങ്കൽപ്പിക്കുന്നു .അദ്ദേഹത്തിന്റെ അധ്യാത്മരാമായണം ,ഭാരതം എന്നീ കാവ്യങ്ങളെ ജയിക്കാൻ പോന്ന മറ്റൊന്നും മലയാളത്തിലുണ്ടായിട്ടില്ല. പതിനാറാം നൂറ്റാണ്ടിൽ മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത് തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന് പടിഞ്ഞാറുള്ള തുഞ്ചത്ത് തറവാട്ടിൽ അദ്ദേഹം ജനിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു .അദ്വൈത വേദാന്തമാണ് എഴുത്തച്ഛന്റെ ചിന്തയ്ക്കും , ഭക്തിക്കും അടിസ്ഥാനം . അധ്യാത്മ രാമായണം , മഹാഭാരതം എന്നീ കിളിപ്പാട്ടുകളാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള ഭാഷയ്ക്ക്

സമ്മാനിച്ചത് .

കിളി പറയുന്ന രീതിയിൽ കഥ അവതരിപ്പിക്കുന്നതാണ് കിളിപ്പാട്ട്. ഭക്തി പ്രസ്ഥാനത്തിന്റെ രീതികളിൽ ഒന്നാണത്. കിളിപ്പാട്ട് രീതിയുടെ ഉപജ്ഞാതാവായി എഴുത്തച്ഛനെയാണ് വിശേഷിപ്പിക്കുന്നത്. കാകളിയാണ് പ്രധാന കിളിപ്പാട്ട് വൃത്തം . പതിനാലാം നൂറ്റാണ്ടിൽ സംസ്കൃതത്തിൽ രചിച്ച അദ്ധ്യാത്മ രാമായണമാണ് എഴുത്തച്ഛൻ വിവർത്തനമായി സ്വീകരിച്ചത്. അദ്ധേഹത്തിന്റെ കവിത്വവും ഔന്നത്യം പ്രാപിക്കുന്നത് ഭാരതം കിളിപ്പാട്ടിലാണ് .


# ഒ എൻ വി കുറുപ്പ്



മലയാള കവിതയുടെ ഹൃദ്യവും മനോഹരവുമായ ഭാവങ്ങളാണ് ഒ എൻ വി കവിതകളിൽ തെളിഞ്ഞു കാണുന്നത്. ഒറ്റ പ്ലാവിൻ നീലകണ്ഠൻ വേലുക്കുറുപ്പ് എന്ന ഒ എൻ വി 1931 മെയ് 27 ന കൊല്ലത്തു ചവറ എന്ന സ്ഥലത്തു ജനിച്ചു . മഹാകവി ജി യ്ക്കു ശേഷം മലയാള കവിത ജ്ഞാന പീഠം പുരസ്കാരം നേടുന്നത് ഒ എൻ വി യിലൂടെയാണ് .

ആദ്യ കവിതാ സമാഹാരം പൊരുതുന്ന സൗന്ദര്യം 1949 ൽ പുറത്തുവന്നു . മുന്നോട്ടു ആയിരുന്നു ആദ്യ കവിത. ചലച്ചിത്രങ്ങൾക്ക് വേണ്ടി ആയിരത്തിലധികം ഗാനങ്ങളെഴുതി . ഒട്ടനവധി അവാർഡുകൾ നേടി .


ഏറ്റവും നല്ല ചലച്ചിത്ര ഗാന രചയിതാവിനുള്ള പുരസ്കാരവും നേടിയിട്ടുണ്ട്.



## പൗലോ കൊയ്‌ലോ

ലോക പ്രശസ്ത ബ്രസീലിയൻ സാഹിത്യകാരൻ 1947 ൽ റിയോ ഡി ജനറോയിൽ ജനിച്ചു . നാടകകൃത്തും നാടക സംവിധായകനും ആയിരുന്നു . ആദ്യ കാലത്ത് ഗായക സംഘങ്ങൾക്ക് വേണ്ടി പാട്ടെഴുതിയിരുന്നു. പിന്നീട് പത്ര പ്രവർത്തകനായും , ടെലിവിഷൻ സീരിയലിന്റെ തിരക്കഥാകൃത്തായും പ്രവർത്തിച്ചു.

ആൽക്കമിസ്റ്, ബ്രിഡ, ദ ഫിഫ്ത്ത് മൗണ്ടെൻ തുടങ്ങിയവയാണ് പൗലോ കൊയ്‌ലോയുടെ പ്രധാന കൃതികൾ.



<u>വി ടി ഭട്ടതിരിപ്പാട്</u> (1896-1982)

വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട് .അങ്കമാലി കിടങ്ങൂരിൽ ജനനം.സാമൂഹിക പരിഷ്കർത്താവ് ,നാടകകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ . അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് (നാടകം), കണ്ണീരും കിനാവും, കർമ്മവിപാകം ,വെടിവെട്ടം ,രജനീരംഗം,സത്യം എന്നത് ഇവിടെ മനുഷ്യനാകുന്ന തുടങ്ങിയവയാണ് പ്രധാനകൃതികൾ .കേരള അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

# ആസ്വാദനക്കുറിപ്പുകൾ



## രണ്ടാമൂഴം

**എം ടി വാസുദേവൻ നായർ**

മലയാള സാഹിത്യത്തിലെ എക്കാലത്തെയും മികച്ച രചനകളിൽ ഒന്നാണ് എം ടി വാസുദേവൻ നായരുടെ രണ്ടാമൂഴം . അപ്രധാന കഥാപാത്രങ്ങളെ കേന്ദ്ര കഥാപാത്രങ്ങളായി അവതരിപ്പിക്കാനുള്ള എം ടി യുടെ കഴിവ് വടക്കൻ വീരഗാഥയിൽ ചന്ദുവിനെ മലയാളിയുടെ മനസ്സിൽ മായ്ക്കാനാകാത്ത നായക കഥാപാത്രമായി ചിത്രീകരിച്ചപ്പോൾ തന്നെ നമുക്കറിയാവുന്നതാണ് . മഹാഭാരത കഥയിൽ മണ്ടനെന്നും വൈബ്രോ ധരനെന്നും പേരുള്ള പലപ്പോഴും ഒരു പരിഹാസ കഥ പാത്രമായി തോന്നിയിട്ടുള്ള ഭീമസേനനേ മാനുഷികമായ മൂല്യങ്ങളോടെയും അജയ്യമായ ശക്തി

വിശേഷണത്തിന്റെയും സാധാരണക്കാരനായ മനുഷ്യന്റെ ദൗർബല്യത്തെയും പകരം വെയ്ക്കാനില്ലാത്ത മനുഷ്യത്വത്തിന്റെയും എല്ലാം പ്രതീകമായി വരച്ച് കാണിച്ചിരിരിക്കുന്നു എം ടി .

കുട്ടിയായിരുന്നപ്പോൾ തന്നെ കൗരവരുടെ ചതിക്ക് വിധേയനായി കല്ലുകെട്ടി കയത്തിലേക്ക് താഴ്ത്തപ്പെടുന്ന ഭീമസേനന്റെ ഉള്ളിൽ തന്നോടൊപ്പം കൗരവരോടുള്ള പകയും വളർന്നു വന്നു. ഗദാ യുദ്ധത്തിലും അമ്പെയ്ത്തിലും വളരെ മുന്നിലായിരുന്ന ദ്രോണരും ഭീമസേനനേ പിന്നിലേക്ക് മാറ്റി നിർത്തുന്ന കാഴ്ച നമ്മൾ കാണേണ്ടിവരുന്നു .

പാഞ്ചാലിയുടെ സ്വയംവരത്തിനു ശേഷം അഞ്ചു പേരിൽ ഏറ്റവും കൂടുതൽ പാഞ്ചാലിയോട് സ്നേഹം ഉണ്ടായിരുന്നതും ഭീമസേനന് തന്നെ.ഏതു കാര്യങ്ങളിലും തന്റെ ആവശ്യങ്ങൾ നടത്താൻ പാഞ്ചാലി ഭീമനോടാണ്

പറയുന്നത് . ആവശ്യങ്ങൾ കഴിയുമ്പോൾ തഴയപ്പെടുന്ന ഭീമന്റെ ദയനീയ ചിത്രം കുബേരന്റെ തോട്ടത്തിൽ നിന്നും സൗഗന്ധികം പറിച്ചു കഴിഞ്ഞു തിരിച്ചു വരുന്ന ഭീമസേനനേ നോക്കിയാൽ കാണാം .കൗരവ സദസ്സിൽ പാഞ്ചാലി അപമാനിക്ക പെടുമ്പോഴും ഏറ്റവും ദേഷ്യം വന്നതും ഭീമനാണ്. കോപം പൂണ്ടു യുധിഷ്ഠിരന്റെ കൈ പൊളിക്കാൻ പോലും ഭീമൻ തയ്യാറാകുന്നു .ഘടോത്കചനെ വഴിയിൽ കാണുന്ന ഭീമസേനന്റെ പിതൃ വാത്സല്യം നമുക്കറിയാൻ കഴിയും .ഒടുവിൽ ഘടോൽഘജൻ കൊല്ലപ്പെടുമ്പോഴും ആ പിതാവിന്റെ വേദന വായനക്കാരെ നോവിക്കും . ഒടുവിൽ രാജ്യഭാരം ഉപേക്ഷിച്ചു മോക്ഷ യാത്രക്ക് പോകുമ്പോൾ തളർന്നു വീഴുന്ന ദ്രൗപദിയെ ഉപേക്ഷിച്ചു യുധിഷ്ഠിരനും മറ്റുള്ളവരും കടന്നു പോകുമ്പോൾ ദ്രൗപതിക്കടുത്തെത്തുന്ന ഭീമസേനൻ ഒരു സാധാരണ മനുഷ്യനും മനുഷ്യന് വേണ്ട എല്ലാ ഗുണങ്ങളും ഉള്ള ഒരാളാണെന്നും തികഞ്ഞ ഒരു ക്ഷത്രിയനാണെന്നും ധർമങ്ങൾ അറിഞ്ഞ രാജാവാണെന്നും

സർവോപരി ഒരു നായക കഥാപാത്രമാണെന്നും രണ്ടാംമൂഴം വായിക്കുന്ന ഏതൊരു വായനക്കാരനും നിസംശയം പറയാം



## കാടിന് കാവൽ

**സുഗത കുമാരി**

കുറേയേറെ വര്ഷങ്ങളായി കാടിനെക്കുറിച്ചും പരിസ്ഥിതിയെ കുറിച്ചും പലതും പറഞ്ഞും വിമർശിച്ചും ആവലാതിപ്പെട്ടും നമ്മുടെയിടയിൽ ജീവിച്ച പ്രശസ്ത കാവയത്രിയാണ് സുഗതകുമാരി. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചു വര്ഷങ്ങളായി എഴുതിയ ലേഖനങ്ങൾ സമാഹരിച്ചതാണ് കാടിനു കാവൽ.ഇതിൽ കാടിന്റെ

ഇനിയും നിലയ്ക്കാത്ത ഹ്രൃദയ താളമുണ്ട് . പ്രകൃതിക്കു നേരെ കന്മഴ ഉയരുമ്പോഴുള്ള അരുതേ എന്ന നിലവിളി ഉണ്ട്. വറ്റാത്ത മനുഷ്യ സ്നേഹത്തിന്റെ തെളിനീരുറവയുമുണ്ട് .

സുഗതകുമാരി ആമുഖത്തിൽ പരിസ്ഥിതി പ്രശ്നങ്ങളിൽ വഴികാട്ടികളായ മഹത് വ്യെക്തികളെ അനുസ്മരിക്കുന്നു.

എൻ വി കൃഷ്ണ വാര്യർ , കെ കെ നീല കണ്ഠൻ , ജോൺ സി ജേക്കബ് , ലാറി ബേക്കർ , എസ് പ്രഭാകരൻ നായർ എന്നിവരുടെ മുഖങ്ങൾ ആദരവോടെ ഓർക്കുന്നു .ചിപ്കോ മാതൃകയിൽ വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾ കൃഷ്ണ വനമായി തീർത്ത കഠിന പരിശ്രമത്തിന്റെ കഥകൾ ആരെയും സന്തോഷിപ്പിക്കും.

ഭൂഗർഭ ജലത്തെ പരിപോഷിപ്പിച്ചുകൊണ്ടിരുന്നവയാണ് നമ്മുടെ കുളങ്ങളും വയലുകളും കിണറുകളും. മഴവെള്ളം മുഴുവൻ അവ സംഭരിച്ചു വെച്ച്. നിറഞ്ഞ കുളങ്ങളും ചിറകളും വേനൽ കാലത്തും ഐശ്വര്യമായി നിലനിൽക്കുന്നു.

പ്രകൃതിയില്ലെങ്കിൽ നാമില്ല . പ്രകൃതിയെ സംരക്ഷിക്കാനും സൈലന്റ് വാലി സംരക്ഷിക്കാനും സുഗദകുമാരിയുടെ നേതൃത്വത്തിലുള്ള പരിസ്ഥിതി പ്രവർത്തകർ ചെയ്ത സേവനം വളരെ വലുതാണ്.

പരിസ്ഥിതി സംരക്ഷണം ഇഷ്ടപ്പെടുന്നവർക്ക് വളരെയേറെ ഉപകാരപ്പെടുന്നതാണ് ഈ പുസ്തകം. അഭയ എന്ന സംഘടനാ സ്ത്രീകൾക്കും കുട്ടികൾക്കും എന്തുമാത്രം അഭയ കേന്ദ്രമാകുന്നു എന്നത് നമ്മളെ അത്ഭുതപ്പെടുത്തുന്നു. കൂടുതൽ പ്രവർത്തിക്കാനുള്ള ഊർജം നൽകുന്നു.

# മലയാളകവിതകൾ

# മഴ

തെയ്യം തെയ്യം താളത്തിൽ
കുടമാണി കെട്ടുന്നാരാരോ
കുന്നുകൾ കേറി മറിഞ്ഞിട്ടി
ന്നമ്പല മുറ്റത്താരയാലിൽ
കമ്പുകൾ കമ്പിതമാകും  പോൽ
തുമ്പികൾ തമ്പുരു മീട്ടും പോൽ
കലപില കൂട്ടും കലഹം പോൽ
വെള്ള തുള്ളിയരഞ്ഞാണം
ചിന്നി ചിതറും അലങ്കാരം
കുന്നിമണിക്കും കുരുവിക്കും
കുഞ്ഞിക്കുട്ടനുംആഹ്ലാദം

# സ്നേഹം

ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ ?
മിഴികളിൽ ചുണ്ടു ചേർത്തൊരെ ന്നമ്മയേ
കവിത ചൊല്ലി പഠിപ്പിച്ചോരച്ഛനേ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ ?

ചുവടു താങ്ങി തുണച്ചൊരീ മണ്ണിനെ
പിറവിയോടൊത്തു കണ്ട സദസ്സിനെ
മധുരമൂറും മനുഷ്യ മനസ്സിനെ
കിളികൾ വാഴ്ത്തുന്ന മുഗ്ദ്ധരാഗത്തിനെ
കുളിരു ചൂടുന്ന സുപ്രഭാദത്തിനെ
ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളു നീക്കുന്ന സൗവർണ്ണ സൂര്യനെ
അഴകിൽ മുങ്ങിയൊരിന്ദ്ര ധനുസ്സിനെ
അലിവ് കാട്ടുന്ന കാർമേഘപാളിയെ
നിഴൽ നിരത്തുന്ന നിശബ്ദ രാത്രിയെ

അഴലകറ്റ വന്നെത്തും പകലിനെ

## മഴ

**മഴയെ അറിയുക കൂട്ടുകാരേ**

**മഴയിൽ കളികുക കൂട്ടുകാരേ**

**ഭൂമിയിൽ വീഴും മഴത്തുള്ളിയോരോന്നും**

**ജീവജലമാണ് കൂട്ടുകാരേ......**

**മഴയുടെ കൈകളിൽ അമ്മതൻവാത്സല്യ-**

**പ്പുഴയുണ്ടെന്നറിയുക കൂട്ടുകാരേ....**


**മരമെല്ലാംവെട്ടല്ലേ വയലുനികത്തല്ലേ**

**മഴയെ വെറുക്കല്ലേ, നനയാൻ മടിക്കല്ലേ**

**മഴയിൽ കളിക്കുവിൻ കൂട്ടുകാരേ**

**മഴയെ സ്നേഹിക്കുവിൻ കൂട്ടുകാരേ**

# മഴയെ വന്ദിക്കുവിൻ കൂട്ടുകാരേ...........



## ഗ്രാമഭംഗി

മലരണിക്കാടുകൾ തിങ്ങിവിങ്ങി

മരതകകാന്തിയിൽ മുങ്ങി മുങ്ങി

കരളും മിഴിയും കവർന്ന് മിന്നി

കറയറ്റൊരാലതൻ ഗ്രാമഭംഗി

പുളകം പോൽ കുന്നിൻ പുറത്ത് വീണ

പുതുമൂടൽ മഞ്ഞല പുല്കി നീക്കി

പുലരൊളി മാമല ശ്രേണികൾ തൻ

പുറകിലായ് വന്നു നിന്നെത്തി നോക്കി

എവിടെ തിരിഞ്ഞൊന്നു നോക്കിയാല-

വിടെല്ലാം പൂത്തമരങ്ങൾ മാത്രം

ഒരു കൊച്ചു കാറ്റെങ്ങാൻ വന്നു പോയാൽ

**തുരുതുരെ തുരുതുരെ പൂമഴയായി പിന്നെ**

**-ചങ്ങമ്പുഴ**

## <u>മരം</u>

അരുതേ അരുതേ ചങ്ങാതികളെ.......

അരുവ മരങ്ങൾ മുറിക്കരുതേ......

കായും കനിയും നമ്മൾക്കേകും

കനക മരങ്ങൾ മുറിക്കരുതേ......

പച്ച പ്പുങ്കുട വിടർത്തി നിൽക്കും

കൊച്ചു മരങ്ങൾ മുറിക്കരുതേ ......

കുളിരും തണലും നമ്മൾക്കേകും

കുളിർ മരമയേ വെട്ടരുതേ.....

കിളികൾക്കെല്ലാം വീടായ് മാറും

തളിർ മര മിനിയും വെട്ടരുതേ

നമ്മുടെ ജീവന താങ്ങായ് നിൽക്കും

അരുവ മരങ്ങൾ മുറിക്കരുതേ....

## മധുരിക്കും ഓർമ്മകൾ

മാവിൻ ചോട്ടിലായ്
ഓടിക്കളിച്ചൊരെൻ
സുഖമുള്ള ഓർമ്മ-
യെൻ ബാല്യകാലം

ഓർത്തു ചിരിക്കുവാൻ
സുഖമുള്ള കാലം
ഒരു കളി ചിരി മഴയാ-
യെന്റെ ബാല്യകാലം

മനസ്സിൽ പൊൻചെപ്പിൽ
കാത്തുവെച്ചൊരാ
വിലയേറും മുത്തെൻെറ
ബാല്യകാലം....

അപ്പുപ്പൻ താടിക്കായ്
ഓടിത്തളർന്നൊരാ
സുഖമുള്ള നോവെൻ
ബാല്യകാലം

## സ്വപ്നം

ചിതലരിക്കുന്ന ഓർമ്മക്കു മീതെ

കനലായി ജീവിതമെരിഞ്ഞടങ്ങുമ്പോൾ

മനസ്സിൻെറ കോണിൽ ചില്ലുകൊട്ടാരത്തിൽ

ഒതുങ്ങി നിന്ന സ്വപ്നങ്ങൾ

വർഷമേഘങ്ങൾ കുളിരണിയിപ്പിച്ച

നനുത്ത ഓർമ്മകൾ നറുനിലാവായ്

ഏകാന്തതയിൽ പാതി മയക്കത്തിൽ

വിരഹവേദനയായ് കടന്നു പോയി

മനം വിരഹാർദ്രമായി തുടിക്കവെ

ഞാനേകയായ് കൊതിച്ചു

എൻെറ സ്വപ്നങ്ങൾ സാക്ഷാത്കരിക്കും

എൻെറ സ്വപ്നങ്ങൾ തളിരണിയും

# നമ്മുടെ കേരളം

പുഴയും മഴയും കൊണ്ട് നിറയും
നമ്മുടെ കേരളമിനിയെവിടെ ?
കാടും മേടും കൊണ്ട് നിറയും
നമ്മുടെ കേരളമിനിയെവിടെ ?
മഞ്ഞും കുളിരും കൊണ്ട് നിറയും
നമ്മുടെ കേരളമിനിയെവിടെ ?
കുന്നും കുരവയും കൊണ്ട് നിറയും
നമ്മുടെ കേരളമിനിയെവിടെ ?

സ്വാർത്ഥത കൊണ്ട് മെനഞ്ഞൊരു
കൂട്ടിൽ കേരളമിന്നിപ്പോൾ
കാടും മേടും കെട്ടിടമാക്കി
തമസ്സിനുള്ളിൽ കേരളമിന്നിപ്പോൾ

# കുട്ടികഥകൾ

# <u>വെള്ളകൊക്കുകൾ</u>

പുഞ്ചപാടത്ത് കൊയ്ത്ത്കഴിഞ്ഞു.കൊയ്ത്ത കഴിഞ്ഞ പാടം നിറയെവെള്ളകൊക്കുകൾ. വെള്ളകൊക്കുകൾ നെൽപ്പാടത്ത് നിന്ന് നെൽമണികൾ കൊത്തിതിന്നുകയാണ്. വെള്ളകൊക്കുകൾ നെൽമണികൾ കൊത്തിതിന്നുന്നത് ചക്കരമാവിൻെറ കൊമ്പത്ത് വിശന്നിരിക്കുന്ന ചിലമ്പികാക്ക കണ്ടു. ആർത്തിയോടെ അവൾ പറന്ന് വന്ന് നെൽമണികൾ കൊത്തിതിന്നു.ഇത് കണ്ട അഹങ്കാരികളായ വെള്ളകൊക്കുകൾ ചിലമ്പിയെ കളിയാക്കി ചിരിച്ച് കൊണ്ട് പറഞ്ഞു . ചിലമ്പി ... നീ എത്ര കറുത്തതാണ്. നിൻെറ ദേഹത്ത് നിന്ന് കൺമഷി തൊട്ടെടുക്കാല്ലോ. ഇത് കേട്ട് ചിലമ്പികാക്കയ്ക്ക് സങ്കടം വന്നു.അവളുടെ കണ്ണ് നിറഞ്ഞു.കൊക്കുകൾ ചിലമ്പിയെ വീണ്ടും വീണ്ടും

കളിയാക്കി.അവർ  പൊട്ടിചിരിച്ച് കൊണ്ട് പറന്ന് പോയി.

<u>കത്തിലെ രഹസ്യം</u>

സ്കൂൾ വിട്ട് വീട്ടീലേക്ക് മടങ്ങുകയായിരുന്ന തോമസ്. കൈയ്യിലൊരു എഴുത്തുമുണ്ട്. വീട്ടിലെത്തിയ അവൻ നേരേ അമ്മയുടെ അടുത്തേക്കോടി .അമ്മേ ഇത് എൻെറ ടീച്ചർ അമ്മയ്ക്ക് തരാൻ പറഞ്ഞ് തന്ന് വിട്ട കത്താണ്.കത്ത് തുറന്ന് വായിച്ചതും അമ്മയുടെ കണ്ണ് നിറയുന്നത് അവൻ ശ്രദ്ധിച്ചു.അമ്മ എന്തിനാ കരയുന്നത്. തോമസ് ചോദിച്ചു. കണ്ണ് തുടച്ച് കൊണ്ട് അമ്മ കത്ത് ഉറക്കെ വായിച്ചു. തോമസ് നന്നായി പഠിക്കും അവൻെറ ബുദ്ധി നിലവാരം അനുസരിച്ച് പഠിപ്പിക്കുവാനുള്ള സാഹചര്യം ഈ സ്കൂളിൽ ഇല്ല . ഇനി അവനെ സ്കൂളിൽ വിടാതെ വീട്ടിലിരുത്തി പഠിപ്പിക്കണം. അമ്മ തന്നെ അവനെ വീട്ടിലിരുത്തി പഠിപ്പിച്ചു.പിന്നീട് വർഷങ്ങൾക്ക് ശേഷം അവൻെറ കൈയ്യിൽ ആകത്ത് കിട്ടി. അത് അവൻ വായിച്ചു. അവൻ ബുദ്ധിനിലവാരം കുറഞ്ഞ കുട്ടി ആണ് എന്നും

അവനെ സ്കൂളിൽ അയക്കരുത് എന്നും ... ഇതായിരുന്നു ആ കത്തിൻെറ ഉള്ളടക്കം. ആ കുട്ടിയാണ് പിന്നീട് അനേകം കണ്ടുപിടുത്തങ്ങൾ നടത്തിയ തോമസ് എഡിസൺ.

<u>പുനർജനി</u>

ഉറുമ്പുകൾ എത്ര ചെറിയ ജീവിയാണ് !

അവയുടെ കരുത്തും ആർജ്ജവവും പോലുമില്ലാതായി

മനുഷ്യന് എന്നോർക്കുമ്പോൾ സങ്കടം തോന്നുന്നു.

മാത്രമല്ല, കരുത്തുള്ളവയുടെ ആർജ്ജവവും ചങ്കുറ്റവും വലിച്ചു

കുടിച്ചു കഴിഞ്ഞു. ഉദാഹരണത്തിന്, പൂക്കളുടെ

സൗന്ദര്യത്തെ കണ്ണുകൊണ്ട് നുകരേണ്ടതിന് പകരം കൈ

കൊണ്ടാക്രമിച്ചാൽ എന്താ ചെയ്യുക!

ഓടിയൊളിക്കാനാവാത്തതിൽ അവ മുളയ്ക്കാതെ ഉള്ളിൽ

ഭയന്നിരിക്കും. അങ്ങനെയെത്ര മുളപ്പുകളെയാണ് നാം

മൂടോടെ വലിച്ചെറിഞ്ഞിരിക്കുന്നത്!

# നല്ല സുഹൃത്ത്

ജീവിതയാത്രയിൽ  എനിക്ക് ഒരുപാട് സുഹൃത്തുക്കളെ കിട്ടിയിട്ടുണ്ട് . എന്നിട്ടും ഞാൻ തനിച്ചാണ് .

ഈ യാത്രയിൽ  എന്തുകൊണ്ട്  അവർ എന്നെ മറക്കുന്നു അല്ലെങ്കിൽ ഞാൻ  അവരെ മറക്കുന്നു .

ഈ ചോദ്യം മാത്രം ബാക്കി നിൽക്കുന്നു .

ഓരോ സുഹൃത്തിനെ കിട്ടുമ്പോഴും ഞാൻ വിചാരിക്കും ഇവരാണ് എന്റെ ഏറ്റവും നല്ല സുഹൃത്ത് എന്ന് . അവരോട് കൂടുതൽ ഞാൻ അടുക്കുന്നു . മനസ്സ് തുറക്കുന്നു . വീണ്ടും കാലത്തിന്റെ കടന്ന് പോകലിൽ അവരെയും എനിക്ക് നഷ്ടമാകുന്നു .

പക്ഷെ നഷ്ടമാകാത്ത ഒന്നുണ്ട് . അവരോടൊത്തുള്ള ഓർമ്മകൾ . അത് എന്നും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. എന്നും കൂടെയുള്ളത് ഓർമ്മകൾ മാത്രം .ഇതുവരെ കണ്ടുമുട്ടിയതിൽ ആരാണ് യഥാർത്ഥ സുഹൃത്ത്.

അതിനും ഉത്തരം കണ്ടെത്താനാകുന്നില്ല . ഇന്ന് ഞാൻ മനസ്സിലാക്കിയിടത്തോളം ഈ സമൂഹത്തിൽ നല്ല സുഹൃത് ബന്ധങ്ങൾക്ക് ക്ഷാമം നേരിടുന്നു .അതാണ് സത്യം അതിനാൽ എനിക്ക് മാത്രമല്ല  പലർക്കും ജീവിതാനുഭവങ്ങൾ അല്ലെങ്കിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പങ്കുവെയ്ക്കാൻ വിങ്ങുന്ന ഒരു മനസ്സുമായി ജീവിത യാത്ര തുടരേണ്ട ഒരു അവസ്ഥ .

ചില സുഹൃത്തുക്കളുമായി നാം മനസ്സു തുറന്നാലോ അവർ നമ്മെ വേദനിപ്പിക്കുന്നു . ആരെയാണ് നാം വിശ്വസിക്കേണ്ടത് ? സ്വാർത്ഥരായ സമൂഹം. നമ്മളും ഈ സമൂഹത്തിന്റെ ഭാഗമാണ് . അതുകൊണ്ടു നമ്മളും ഒരു നല്ല സുഹൃത്ത് ആവാൻ ശ്രമിക്കുക . സുഹൃത്തിന്റെ പ്രശ്നങ്ങൾ കേൾക്കുവാൻ ഉള്ള മനസ്സ് കാണിക്കുകയും അത് രഹസ്യമായി സൂക്ഷിക്കുവാനും ശ്രമിക്കുക . സുഹൃത്തിന്റെ തിന്മയിൽ നിന്നും നന്മയിലേക്ക് നയിക്കുക . ഞാനോ നശിച്ചു എന്റെ സുഹൃത്തും എന്നെപ്പോലെ നശിക്കട്ടെ എന്ന്

വിചാരിക്കാതിരിക്കുക . ചിലർ സ്വന്തം തെറ്റുകൾ മറച്ചുവച്ചു മറ്റുള്ളവരെ ശിക്ഷിക്കുവാൻ വേണ്ടി പുറപ്പെടുന്നു .

ഇനിയും സമയം കഴിഞ്ഞിട്ടില്ല. ജീവിതത്തിലെ ഒരു വലിയ സമ്പാദ്യം ആണ് നല്ല സുഹൃത് ബന്ധങ്ങൾ . അതിനു ലിംഗ വ്യത്യാസമില്ല .

എനിക്കും നിങ്ങൾക്കും നല്ല സുഹൃത്തുക്കളെ കിട്ടുമെന്ന പ്രതീക്ഷയോടെ ഈ യാത്ര തുടരുന്നു.

# പഴഞ്ചൊല്ലുകൾ

# പഴഞ്ചൊല്ലുകൾ

- അക്കരെ നിക്കുമ്പോൾ ഇക്കരെ പച്ച,

  ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച

- അടയ്ക്ക കട്ടാലും ആന കട്ടാലും പേര് കള്ളനെന്ന് ...

  അടയ്ക്ക മടിയിൽ വയ്ക്കാം അടയ്ക്കാകാ മരമായാലോ ?

- അടി കൊള്ളാൻ ചെണ്ട,

  പണം വാങ്ങാൻ മാരാർ .

- അടി തെറ്റിയാൽ ആനയും വീഴും .

- അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ

  കിടക്കുമോ ?

- അണ്ണാൻ ആനയോളം വാ പൊളിക്കുമോ ?

- അണ്ണാൻ കൊമ്പത്തും ആമ കിണറ്റിലും .

- അത്തിപ്പഴം പഴുക്കുമ്പോൾ കാക്കയ്ക്ക് വായ്പുണ്ണ്.

- അന്ന് കൊള്ളുന്നത് പറഞ്ഞാലും

  നിന്ന് കൊള്ളുന്നത് പറയരുത് .

# നറുമൊഴികൾ

* തന്നെ സ്വയം കീഴടക്കുന്നവന്

മറ്റുള്ളവരെ കീഴടക്കാൻ

പ്രയാസമുണ്ടാവില്ല.

* അർഹമായതിലേറെ ആഗ്രഹിക്കുന്നത്

അർഹമായതും നഷ്ടപ്പെടുത്തിയേക്കും.

* സ്വയം കേടുവരാതെ

മറ്റൊരാളെ

കേടുവരുത്താനാവില്ല.

* എല്ലാം നഷ്ടപ്പെട്ടാലും

മനഃശക്തിയുണ്ടെങ്കിൽ

ഒന്നും നഷ്ടപ്പെട്ടില്ലെന്ന്

മനസ്സിലാക്കാം.

# IDLE

# HOURS

## R K LAXMAN

When R K LAXMAN Relaxes To Idle away the hours , free from the daily task of producing cartoons for the morning paper , the other facet of his creative mind asserts itself urging him on to write . This volume, IDLE HOURS , is a product of such moments enjoyed , off and on , over the years . It contains short stories , with themes varying from a murder mystery to a little boy's preoccupation with an ant when the viceroy of India was passing by right before him in all his pomp and glory ,and travel impressions of Laxman's visits to such exotic islands as the Andaman and Nicobar,and Mauritius

besides to more familiar places like the USA , Nepal , Darjeeling and Australia. Included also in this collection are some satirical pieces humorous essays and certain strange episodes from real life which seem stranger than fiction . Whatever the subject matter Laxman has a way of narration which takes the reader from page to page effortlessly. The displays a mastery over the language and his style of writing as the same visual vividness that one finds in his drawings .

# Corona Virus Infection

## What are coronavirus infections?

Coronaviruses are a group of common viruses. They are named for the crown-like spikes on the surface of the virus. Some coronaviruses only affect animals, but others can also affect humans. Most people get infected with human coronaviruses at some time in their life. This usually causes mild to moderate upper-respiratory infections, like the common cold. But they can also cause more severe illnesses such as bronchitis and pneumonia.

There are several different types of human coronaviruses, including the the 2019 Novel Coronavirus (2019-nCoV) and the Middle East respiratory syndrome (MERS) and severe acute respiratory syndrome (SARS) coronaviruses.

## How are coronavirus infections spread?

Human coronaviruses usually spread from an infected person to others through

- The air by coughing and sneezing
- Close personal contact, such as touching or shaking hands
- Touching an object or surface with the virus on it, then touching your mouth, nose, or eyes before washing your hands

- Rarely, feces (poop)

**Who is at risk for coronavirus infections?**

Anyone can get a coronavirus infection, but young children are most likely to get infected. In the United States, infections are more common in the fall and winter.

**What are the symptoms of coronavirus infections?**

The symptoms depend on the type of coronavirus and how serious the infection is. If you have a mild to moderate upper-respiratory infection such as the common cold, your symptoms may include

- Runny nose
- Headache
- Cough
- Sore throat
- Fever
- Not feeling well overall

Some coronaviruses can cause severe symptoms. The infections may turn into bronchitis and pneumonia, which cause symptoms such as

- Fever, which may be quite high if you have pneumonia
- Cough with mucus
- Shortness of breath
- Chest pain or tightness when you breathe and cough

Severe infections are more common in people with heart or lung diseases, people with weakened immune systems, infants, and older adults.

**How are coronavirus infections diagnosed?**

To make a diagnosis, your health care provider will

- Take your medical history, including asking about your symptoms
- Do a physical exam
- May do blood tests
- May do lab tests of sputum, a sample from a throat swab, or other respiratory specimens

**What are the treatments for coronavirus infections?**

There are no specific treatments for coronavirus infections. Most people will get better on their own. However, you can relieve your symptoms by

- Taking over-the-counter medicines for pain, fever, and cough. However, do not give aspirin to children. And do not give cough medicine to children under four.
- Using a room humidifier or taking a hot shower to help ease a sore throat and cough
- Getting plenty of rest
- Drinking fluids

If you are worried about your symptoms, contact your

health care provider.

### Can coronavirus infections be prevented?

Right now, there aren't any vaccines to prevent human coronavirus infections. But you may able to reduce your risk of getting or spreading an infection by

- Washing hands often with soap and water for at least 20 seconds
- Avoiding touching your face, nose, or mouth with unwashed hands
- Avoiding close contact with people who are sick
- Cleaning and disinfecting surfaces that you frequently touch
- Covering coughs and sneezes with a tissue. Then throw away the tissue and wash your hands.
- Staying home when sick

# <u>ലിറ്റിൽ കൈറ്റിന്റെ അഭിമാനം</u>

## ദേവനാരായണൻ വി എസ്



**2018- 20 അധ്യയന വർഷം സംസ്ഥാന തല ക്യാമ്പിൽ പങ്കെടുത്ത പ്രതിഭ.**

# വിവിധ സ്കൂൾ തല പ്രോഗ്രാമുകൾ

